**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2680** **13-02-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയിൽ നേടിയ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയിൽ സംസ്ഥാനം നേടിയ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ലൈഫ് സയൻസസ് പാർക്ക് ഒന്നാം ഘട്ടത്തിലെ 9 ഏക്കർ സ്ഥലത്ത് ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായിട്ട്, മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്-പാർക്ക്) സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതി മുഖേന പുതിയ മെഡിക്കൽ ഉപകരണങ്ങൾ കണ്ടുപിടിക്കാൻ സാധിക്കുന്ന തരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്.<br><br>മെഡ്സ്പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ കൊടുക്കുന്നു:-<br><br>Prototyping – Pilot Manufacturing and Incubation Centre<br><br>Medical Device Testing & Evaluation Centre<br><br>R&D and Knowledge Resource Centre<br><br>Large Animal Breeding Testing Centre<br><br>മെഡ്സ്പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദിഷ്ട സൗകര്യങ്ങൾ ഉപയോഗിച്ച് കമ്പനികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ഉപകരണങ്ങളുടെ prototype ഉണ്ടാക്കുന്നതിനും ആയതിന് വേണ്ട പരിശോധനകൾ നടത്തുവാനും pre-clinical trials നടത്തുവാനും സാധിക്കുന്നതാണ്.<br><br>Individual investors, സ്റ്റാർട്ടപ്പ് കമ്പനികൾ, തങ്ങളുടെ നൂതന ഉൽപ്പന്നങ്ങൾ വാണിജ്യ വൽക്കരിക്കാൻ ആഗ്രഹിക്കുന്ന എസ്.എം.ഇ-കൾ എന്നിവരാണ് ഇതിന്റെ ഗുണഭോക്താക്കൾ. പദ്ധതി |

| | | | |
|---|---|---|---|
| | | | മൂലം പുതിയ മെഡിക്കൽ ഉപകരണങ്ങൾ ഇന്ത്യയിൽ കണ്ടുപിടിക്കാനും, ആയത് അനുസരിച്ച് മെഡിക്കൽ ഉപകരണങ്ങളുടെ ഇന്ത്യയിലേയ്ക്കുള്ള ഇറക്കുമതി കുറക്കുവാനും ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഏകദേശം 300 തൊഴിലവസരങ്ങളാണ് ഈ പദ്ധതി വഴി പ്രതീക്ഷിക്കുന്നത്.<br><br>പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും മേൽനോട്ടത്തിനും പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം പരമാവധി ഒഴിവാക്കുന്നതിനും പദ്ധതി പുരോഗമിക്കുമ്പോൾ നേരിടേണ്ടി വരുന്ന പ്രതിബന്ധങ്ങൾ, കാലതാമസം എന്നിവ യഥാസമയം ഇടപെട്ട് ഒഴിവാക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ, പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക ഔദ്യോഗിക സമിതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മേൽ (എ) പിരിവിന്റെ മറുപടി കണ്ടാലും. |
| (സി) | 2023-ൽ പ്രഖ്യാപിച്ച വ്യവസായ നയത്തിൽ മെഡിക്കൽ ഉപകരണ നിർമ്മാണ മേഖലയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ; ഈ മേഖലയിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള നൂതന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ? | (സി) | കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും, അവരുടെ ഉന്നമനത്തിനും, വ്യാവസായിക പുരോഗതിക്ക് ഊന്നൽ നൽകുവാനും വേണ്ടി സർക്കാർ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിൽ ഒന്നാണ് കേരള വ്യവസായനയം 2023. ഏഴ് സുപ്രധാന നയസ്തംഭങ്ങളിലൂന്നിയ വ്യവസായവത്കരണമാണ് പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നത്. നയത്തിലെ 22 മുൻഗണന മേഖലകളിൽ മെഡിക്കൽ ഉപകരണ നിർമാണ മേഖലയും ഉൾപ്പെടുന്നു.<br><br>മുൻഗണനാ മേഖലകളിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾക്ക് 18 ആനുകൂല്യങ്ങൾ/ ഇൻസെന്റീവുകൾ പുതിയ വ്യവസായനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപ വരെ) വ്യവസായ വിപ്ലവം 4.0-ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് (നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് അനാലിസിസ് തുടങ്ങിയവ) സംരംഭങ്ങൾ ചിലവാക്കുന്ന തുകയുടെ 20% (പരമാവധി 25 ലക്ഷം രൂപ വരെ) തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് |

| | | | |
|---|---|---|---|
| | | | ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കി നൽകുന്ന പദ്ധതി, സംസ്ഥാനത്തെ സർക്കാരിന്റെ വ്യവസായ പാർക്കുകളിലും സർക്കാരിന്റെ അംഗീകാരമുള്ള പ്രൈവറ്റ് ഇൻഡസ്ട്രി പാർക്കുകളിലും രജിസ്ട്രേഷൻ ചാർജിൽ 100% ഇളവ്, കൂടാതെ സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും 100% ഇളവ്, എം.എസ്.എം.ഇ ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന GST വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ/ഇൻസെന്റീവുകൾ പുതിയ വ്യവസായ നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ